## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5681** **16-03-2023 - ൽ മറുപടിയ്ക്ക്**

## കോഴിക്കോട് സർവകലാശാല ഉദ്യോഗസ്ഥർക്കെതിരെയുള്ള അതിക്രമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 25.11.2011 - ൽ വിദ്യാർത്ഥികൾ കാലിക്കറ്റ് സർവകലാശാല പരീക്ഷാഭവനിൽ അതിക്രമിച്ച് കയറി ഉദ്യോഗസ്ഥരെ മർദ്ദിച്ച സംഭവത്തിൽ തേഞ്ഞിപ്പാലം പോലീസ് കേസ് രജിസ്റ്റർ ചെയ്തിരുന്നോ; വ്യക്തമാക്കാമോ; എങ്കിൽ ഇത് സംബന്ധിച്ച പ്രതികൾ ആരെല്ലാമാണെന്നും ഇവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | (എ) | 25.11.2021-ലാണ് വിദ്യാർത്ഥികൾ കാലിക്കറ്റ് സർവകലാശാല പരീക്ഷാ ഭവനിൽ അതിക്രമിച്ച് കയറി ഉദ്യോഗസ്ഥരെ മർദ്ദിച്ച സംഭവം ഉണ്ടായിട്ടുള്ളത്. പ്രസ്തുത സംഭവത്തിന് തേഞ്ഞിപ്പാലം പോലീസ് സ്റ്റേഷനിൽ ക്രൈം. നം. 560/2021 u/s 448, 341, 323, 332 r/w 34 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി അമൽ സി.എച്ച്, ശ്രീലേഷ്, ബിബിൻ ദേവ് എന്നീ മൂന്ന് പ്രതികൾക്കെതിരെ ബഹു. പരപ്പനങ്ങാടി JFMC കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ആയത് CC 422/2022 നമ്പർ ആയി ബഹു.കോടതിയുടെ പരിഗണനയിലുമാണ്. |
| (ബി) | 19.12.2022 - ൽ സർവകലാശാല നീന്തൽ കുളത്തിൽ എം.എ. (ഐ.ഡി.എസ്.) പഠനവകുപ്പിലെ ഒരു വിദ്യാർത്ഥി ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞതുമായി ബന്ധപ്പെട്ട സംഭവത്തിൽ സർവകലാശാല പോലീസിന് പരാതികൾ എന്തെങ്കിലും കൈമാറിയിട്ടുണ്ടോയെന്നും ഈ വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | 19.12.2022-ൽ സർവ്വകലാശാല നീന്തൽ കുളത്തിൽ വിദ്യാർത്ഥി ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട സംഭവത്തിൽ സർവ്വകലാശാല അധികൃതർ പോലീസിന് പരാതികൾ ഒന്നും നൽകിയിട്ടില്ല.<br><br>കോഴിക്കോട് സർവ്വകലാശാല നീന്തൽ കുളത്തിൽ കുളിക്കുന്നതിനിടെ വെള്ളത്തിൽ മുങ്ങി ഷഹൻ പി എന്നയാൾ മരണപ്പെട്ട സംഭവത്തിന് ഷമീം അക്തർ വി.പി എന്നയാളുടെ മൊഴി പ്രകാരം തേഞ്ഞിപ്പാലം പോലീസ് സ്റ്റേഷനിൽ ക്രൈം നം.894/2022 U/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | നീന്തൽ കുളത്തിൽ വിദ്യാർത്ഥി മരണപ്പെട്ട സംഭവത്തിൽ സർവകലാശാല നിയോഗിച്ച ആഭ്യന്തര അന്വേഷണ സമിതിയുടെ റിപ്പോർട്ട് പ്രകാരം അച്ചടക്ക നടപടിക്ക് വിധേയരായ വിദ്യാർത്ഥികളിൽ ആരെങ്കിലും 25. 11.2011 - ൽ പരീക്ഷാഭവനിൽ അതിക്രമിച്ചു കയറി ഉദ്യോഗസ്ഥനെ മർദ്ദിച്ച സംഭവത്തിൽ ഉൾപ്പെട്ടിരുന്നുവോ; വ്യക്തമാക്കാമോ; | (സി) | നീന്തൽ കുളത്തിൽ വിദ്യാർത്ഥി മരണപ്പെട്ട സംഭവത്തിൽ സർവകലാശാല നിയോഗിച്ച ആഭ്യന്തര അന്വേഷണ സമിതിയുടെ റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന അമൽ സി.എച്ച് എന്ന വിദ്യാർത്ഥി 25.11.2021 - ൽ പരീക്ഷാഭവനിൽ അതിക്രമിച്ചു കയറി ഉദ്യോഗസ്ഥനെ മർദ്ദിച്ച സംഭവത്തിൽ ഉൾപ്പെട്ടിരുന്നു. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ ഈ രണ്ട് കേസുകളിലും അന്വേഷണം ഊർജ്ജിതപ്പെടുത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ? | (ഡി) | രണ്ട് കേസുകളുടെയും അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ